നിലവിൽ ബന്ധപ്പെട്ട അഡീഷണൽ തഹസിൽദാർമാരാണ് പരിഹരിച്ചു വരുന്നത്. റീ-സർവ്വേ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന്, സർവ്വേ സബ് ഡിവിഷൻ സ്കെച്ച് അംഗീകരിക്കുവാൻ താലൂക്കുകളിലെ റീ-സർവ്വേ സൂപ്രണ്ടുമാർക്കു കൂടി താൽക്കാലികമായി അധികാരം നൽകിയിട്ടുണ്ട്. എൽ.ആർ.എം.ൽ ശേഷിക്കുന്ന മുഴുവൻ റീ-സർവ്വേ പരാതികളും മൂന്നുമാസം കൊണ്ട് പരിഹരിക്കുന്നതിനായുള്ള ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി കാര്യക്ഷമമാക്കി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും റവന്യൂ - സർവ്വേ അദാലത്ത് നടത്താനും തീരുമാനിച്ചിട്ടുണ്ട്.

ലീഗൽ മെട്രോളജി വകുപ്പിന്റെ ശാക്തീകരണം

28(*268) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമാക്കാൻ ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി എന്തെല്ലാം സാങ്കേതിക വിദ്യകൾ വകുപ്പിൽ ഒരുക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) വകുപ്പിന്റെ ശാക്തീകരണത്തിനും പ്രവർത്തനത്തിനുമായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ,

(എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പരിശോധനയുടെ ഗുണനിലവാരവും കാര്യക്ഷമതയും വർദ്ധിപ്പിക്കൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വകുപ്പിനാവശ്യമായ ലബോറട്ടറി ഉപകരണങ്ങൾ, വർക്കിംഗ് സ്റ്റാന്റേർഡ് ബാലൻസുകൾ, കട്ടികൾ, പൾസ് മീറ്ററുകൾ, സ്വർണ്ണത്തിന്റെ പരിശുദ്ധി പരിശോധിക്കുന്നതിനുള്ള ഉപകരണം എന്നിവ വാങ്ങിയിട്ടുണ്ട്. വാഹനങ്ങൾ, എൽ.പി.ജി പമ്പ് വെരിഫിക്കേഷൻ കിറ്റുകൾ തുടങ്ങിയവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലായി 575 ലക്ഷം രൂപ ചെലവഴിക്കുന്നുണ്ട്. വകുപ്പിനായി തിരുവനന്തപുരത്ത് കേന്ദ്ര കാര്യാലയ നിർമ്മാണം,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലത്ത് ആഫീസ് കെട്ടിട നിർമ്മാണം, പത്തനംതിട്ടയിൽ വെഹിക്കിൾ ടാങ്ക് കാലിബ്രേഷൻ യൂണിറ്റിന്റെ നിർമ്മാണം എന്നിവയ്ക്കായി 2012-13, 2013-14, 2014-15 വർഷങ്ങളിലായി വകയിരുത്തിയിട്ടുള്ള 575 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും തുക പി.ഡബ്ല്യു.ഡിയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ആസ്ഥാന കാര്യാലയ കെട്ടിട നിർമ്മാണത്തിനായി 2014-15 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഒറ്റത്തവണ കേന്ദ്ര സഹായമായി ഉൾക്കൊള്ളിച്ചിട്ടുള്ള 578 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) വകുപ്പിന്റെ പ്രവർത്തനത്തിനാവശ്യമായ ലബോറട്ടറി ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ, വാഹനങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി വകുപ്പിന് വെബ്സൈറ്റ് തയ്യാറാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) എല്ലാ താലൂക്കുകളിലും ഇൻസ്പെക്ടർ ഓഫീസ്, ലബോറട്ടറികൾ, ജില്ലകളിൽ ജില്ലാ ആഫീസ്, ഫ്ളൈയിംഗ് സ്ക്വാഡ് ആഫീസുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു. കൂടാതെ ആവശ്യമായ വെഹിക്കിൾ ടാങ്ക് കാലിബ്രേഷൻ യൂണിറ്റ്, വെയ്ബ്രിഡ്ജുകളുടെ പരിശോധനകൾക്കായി വെയ്ബ്രിഡ്ജ് വെരിഫിക്കേഷൻ കിറ്റ്, ഓട്ടോറിക്ഷാ മീറ്റർ പരിശോധനകൾക്കായി പൾസ് മീറ്ററുകൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. എറണാകുളം ലീഗൽ മെട്രോളജി ഭവനിൽ സെക്കന്ററി സ്റ്റാൻഡേർഡ് ലബോറട്ടറി, ഗോൾഡ് ടെസ്റ്റിംഗ് ലബോറട്ടറി എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്.

വിദ്യാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യൽ

29(*269) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിൽ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ ;

(സി) എന്തെല്ലാം വിവരങ്ങളാണ് ഡിജിറ്റൈസ് ചെയ്യാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;